**കേരളസർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം– 695001**

## വിജ്ഞാപനം

## കീം 2022

## എഞ്ചിനീയറിംഗ്/ഫാർമസി/ആർക്കിടെക്ചർ/മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകൾ കൂട്ടിചേർക്കുന്നതിനുള്ള അവസരം

കീം 2022 മുഖേന എഞ്ചിനീയറിംഗ്/ഫാർമസി/ആർക്കിടെക്ചർ/മെഡിക്കൽ മെഡിക്കൽ അനുബന്ധ കോഴ്സുകൾ എന്നിവയിലേതെങ്കിലും കോഴ്സുകൾക്ക് ഓൺലൈനായി അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള അപേക്ഷകർക്ക് ആവശ്യമുള്ള പക്ഷം എഞ്ചിനീയറിംഗ് /ഫാർമസി/ ആർക്കിടെക്ചർ/മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകൾ എന്നിവ പ്രസ്തുത അപേക്ഷയിൽ കൂട്ടിച്ചേർക്കുന്നതിനുള്ള അവസരം ലഭ്യമാക്കിയിട്ടുണ്ട്. ആർക്കിടെക്ചർ (ബി.ആർക്) കോഴ്സ് കൂട്ടിച്ചേർക്കുന്നവർ കൗൺസിൽ ഓഫ് ആർക്കിടെക്ചർ NATA നടത്തിയ പരീക്ഷ എഴുതി നിശ്ചിത യോഗ്യത നേടേണ്ടതും മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകൾ കൂട്ടിച്ചേർക്കുന്നവർ NTA നടത്തുന്ന നീറ്റ് യു .ജി 2022 പരീക്ഷ എഴുതി നിശ്ചിത യോഗ്യത നേടേണ്ടതുമാണ്.

കീം 2022 അപേക്ഷിച്ചവർക്ക് കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിന് 11.05.2022 മുതൽ 12.05.2022 വൈകുന്നേരം 5.00 മണി വരെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ സൗകര്യം ഉണ്ടായിരിക്കും.

കീം 2022 മുഖേന ഏതെങ്കിലും കോഴ്സുകൾക്കായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളവർ പുതിയ കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിനായി മേൽ വെബ് സൈറ്റിൽ **'KEAM 2022- Application'** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് അപേക്ഷാ നമ്പറും, പാസ് വേഡും നൽകി ലോഗിൻ ചെയ്ത് ഹോം പേജിൽ പ്രവേശിച്ച് **'Add Course'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് എഞ്ചിനീയറിംഗ്/ഫാർമസി/ആർക്കിടെക്ചർ/മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകൾ ആവശ്യാനുസരണം കൂട്ടിച്ചേർക്കാവുന്നതാണ് . കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിനുള്ള സൗകര്യം 12.05.2022 വൈകുന്നേരം 5.00 മണിക്ക് അവസാനിക്കുന്നതാണ്. അവസാന തീയതി ഒരു കാരണവശാലും ദീർഘിപ്പിച്ച് നൽകുന്നതല്ല. വിദ്യാർത്ഥികൾ കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിൽ അതീവ ജാഗ്രത പുലർത്തേണ്ടതും നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതുമാണ്.

**അപേക്ഷാ ഫീസ്:** പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ കോഴ്സുകൾ കൂട്ടിച്ചേർക്കുന്ന അപേക്ഷകർ അധിക ഫീസ് അടയ്ക്കേണ്ടതുണ്ടെങ്കിൽ ഓൺലൈനായി മാത്രം ബാക്കി തുക മേൽ തീയതിക്കകം അടയ്ക്കേണ്ടതാണ്.

പുതുതായി കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിന് മുമ്പ്, പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള 2022-23 അദ്ധ്യയന വർഷത്തിലെ സംസ്ഥാനത്തെ എഞ്ചിനീയറിംഗ് , ഫാർമസി, ആർക്കിടെക്ചർ, മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകളിലെ പ്രവേശനം സംബന്ധിച്ച വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന സർക്കാർ അംഗീകൃത പ്രോസ്പെക്ടസിലെ വ്യവസ്ഥകളും 06.04.2022 ലെ പ്രവേശനം സംബന്ധിച്ചുള്ള വിജ്ഞാപനവും അപേക്ഷകർ ശ്രദ്ധിക്കേണ്ടതാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.05.10 21:47:41 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**10/05/2022**